NREGA/2454/2023-E3

285854/2023/C NREGS

I/101437/2023

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം)
മൂന്നാം ഫ്ലോർ, റവന്യൂ കോംപ്ലക്സ്, പബ്ലിക് ഓഫീസ് കോംപൗണ്ട്,
തിരുവനന്തപുരം -33
ഫോൺ: 0471-2313385, 1800 425 1004 (Helpline),ഫാക്സ്: 0471-2312385
ഇ-മെയിൽ: mgnrega.kerala@gov.in, mgnregakerala@gmail.com

തിയതി : 13-11-2023

പ്രേക്ഷകൻ

മിഷൻ ഡയറക്ടർ

സ്വീകർത്താവ്

എല്ലാ ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർമാർക്കും

സർ/മാഡം,

വിഷയം: മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം) - നീരുറവ് പദ്ധതി - ബ്ലോക്ക് തലത്തിൽ പുതുതായി നിയമനം ലഭിച്ച അഗ്രി. എൻജിനിയർമാർ - തുടർ പ്രവർത്തനങ്ങൾ - മാർഗ്ഗ നിർദേശങ്ങൾ – സംബന്ധിച്ച്.

സൂചന: 04.11.2023 ലെ ഈ ഓഫീസിലെ ഇതേ ഫയൽ നമ്പർ ജോബ് ചാർട്ട്

വിഷയത്തിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

ബ്ലോക്ക് തലത്തിൽ പുതുതായി നിയമനം ലഭിച്ച അഗ്രി. എൻജിനിയർമാർ ജോലിയിൽ പ്രവേശിച്ചു കഴിഞ്ഞാൽ ആദ്യം അവരെ ഒരു ടീമായി ജില്ലയിലെ ജലബഡ്ജറ്റ് തയ്യാറാക്കിയ ബ്ലോക്കിലെ വിവിധ ഗ്രാമപഞ്ചായത്തുകളുടെ നീരുറവ് DPR-കളുടെ പരിശോധനയ്ക്കായി നിയോഗിക്കേണ്ടതാണ്. ജില്ലാ എൻജിനിയർ നല്കുന്ന സാങ്കേതിക നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ബ്ലോക്കിലെ എല്ലാ ഗ്രാമ പഞ്ചായത്തുകളുടെയും DPR കൾ, വിശദമായ പരിശോധനയ്ക്ക് വിധേയമാക്കണം. ഗ്രാമപഞ്ചായത്തുകളിൽ ഫീൽഡ് സന്ദർശനങ്ങൾ നടത്തിയും ഗ്രാമപഞ്ചായത്തുകളുമായി ആവശ്യമായ കൂടിയാലോചനകൾ നടത്തിയും അപാകതകൾ പരിഹരിച്ച് DPR കൾ നവംബർ 30 നകം നിർവഹണത്തിന് സജ്ജമാക്കേണ്ടതാണ്. കൂടാതെ പ്രസ്തുത ബ്ലോക്കിലെ ഗ്രാമപഞ്ചായത്തുകളിൽ നിർദേശിക്കപ്പെട്ടിട്ടുള്ള വിവിധ NRM പ്രവൃത്തികൾക്കു വേണ്ടി തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റുകൾ പരിശോധിച്ച് അവയിൽ സാങ്കേതികമായ എന്തെങ്കിലും അപാകതകൾ ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിനാവശ്യമായ നിർദേശങ്ങളും നൽകേണ്ടതാണ്. ഇപ്രകാരം കണ്ടെത്തുന്ന അപാകതകളുടെ അടിസ്ഥാനത്തിൽ അത്തരം അപാകതകൾ ഭാവിയിൽ ഒഴിവാക്കുന്നതിനും സാങ്കേതിക തികവുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനും ഉതകുന്നതരത്തിൽ ഗ്രാമ ബ്ലോക്ക് തലത്തിലെ എല്ലാ AE, ഓവർസിയർമാർക്കും ഫീൽഡ് തല പരിശീലനം നല്കുകയും ചെയ്യേണ്ടതാണ്.

ജലബഡ്ജറ്റ് നടത്തിയിട്ടുള്ള ബ്ലോക്കുകളിൽ മേല്പറഞ്ഞ മുഴുവൻ പ്രവർത്തനങ്ങളും 2023 ഡിസംബർ 15 നകം പൂർത്തിയാക്കേണ്ടതാണ് എന്നു കൂടി അറിയിച്ചുകൊള്ളുന്നു.

വിശ്വസ്തതയോടെ

MISSION DIRECTOR